**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

ബുള്ളറ്റിൻ ഭാഗം–2

2020 ഫെബ്രുവരി, 05

നമ്പർ : 833

**ചട്ടം 118 അനുസരിച്ച് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നോട്ടീസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന പ്രമേയത്തിന് അവതരണാനുമതി നൽകിയിരിക്കുന്നു.**

പ്രവാസികൾക്ക് ആദായനികുതി ചുമത്തുന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിക്കൊണ്ട് 2020–21 ലേക്കുള്ള കേന്ദ്ര ബഡ്ജറ്റിന്റെ ഭാഗമായി ഫെബ്രുവരി 1–ാം തീയതി ലോക്സഭയുടെ മേശപ്പുറത്തുവച്ച ധനകാര്യ ബില്ലിൽ 1961 – ലെ ആദായനികുതി നിയമത്തിന്റെ 6–ാം വകുപ്പിൽ 01.04.2021 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ മാറ്റം നിർദ്ദേശിച്ചിരിക്കുന്നു. നിലവിൽ ഒരു ഇന്ത്യൻ പൗരനോ ഇന്ത്യൻ വംശജനോ ഒരു സാമ്പത്തിക വർഷത്തിൽ 182 ദിവസമോ അതിൽ കൂടുതലോ ഇന്ത്യയിൽ താമസിക്കുന്ന ഘട്ടത്തിലാണ് ആദായനികുതിയുടെ കാര്യത്തിൽ റസിഡന്റ് (Resident) ആയി കണക്കാക്കപ്പെടുന്നത്. 2021 ഏപ്രിൽ 1 മുതൽ ഈ കാലാവധി '120 ദിവസമോ അതിൽ കൂടുതലോ' ആയി കുറയ്ക്കാനാണ് ഭേദഗതി നിർദ്ദേശം.

ടാക്സ് വെട്ടിപ്പ് തടയാനാണെന്ന നിലയിൽ കൊണ്ടുവന്ന ഈ നിർദ്ദേശം കേരളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിൽ തൊഴിലെടുക്കാൻ പോകുന്ന വലിയൊരു വിഭാഗം പ്രവാസികൾക്ക് അവരുടെ കുടുംബത്തോടൊപ്പം വന്നു തങ്ങാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കും. വരുമാന നികുതി വെട്ടിക്കാനല്ല, മറിച്ച്, കുടുംബപരമായ ആവശ്യങ്ങൾക്കാണ് അവർ ഇപ്രകാരം രാജ്യത്ത് വന്ന് തങ്ങുന്നത്.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ജോലിയെടുക്കുന്ന ചെറുകിട ബിസിനസ് സംരംഭകരുടെ വരുമാനം ഗണ്യമായി കുറയ്ക്കുന്നതിന് ഇത് ഇടവരുത്തും. 240 ദിവസമെങ്കിലും

131/20

വിദേശത്ത് തങ്ങിയാൽ മാത്രമേ അവർക്ക് നോൺ റസിഡന്റ് സ്റ്റാറ്റസ് നിലനിർത്താനാകൂ. നിലവിൽ ഇതിന് 182 ദിവസം മതിയാകും. എണ്ണ റിഗ്ഗുകളിലും മറ്റും തൊഴിൽ ചെയ്യുന്ന വ്യക്തികൾ ഒരു മാസം ഓഫ് ഡ്യൂട്ടിയായി നാട്ടിൽ വരാറുണ്ട്. ഇവരേയും ഈ ഭേദഗതി പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയുണ്ട്.

കേരളത്തിന്റെ സാമ്പത്തികരംഗത്ത് ഗണ്യമായ സംഭാവന നൽകുന്നവരാണ് വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ഏകദേശം 15 ശതമാനത്തോളം വരും ഇപ്രകാരം ലഭിക്കുന്ന പുറംവരുമാനം എന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രവാസികൾ നാട്ടിൽ വന്നുപോകുമ്പോൾ നടത്തുന്ന ഉപഭോഗവും മറ്റു ചെലവുകളും നമ്മുടെ വ്യവസായ വ്യാപാര മേഖലയുടെ വളർച്ചയുടെ ഒരു പ്രധാന ഘടകമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഇതുണ്ടാക്കുന്ന ഉണർവ്വ് ഒട്ടും ചെറുതല്ല. ദേശീയ സാമ്പത്തിക രംഗത്തുള്ള മാന്ദ്യം കൂടി കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ ഭേദഗതി നിർദ്ദേശം നടപ്പായാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വലിയ തിരിച്ചടി നേരിടും.

ഇതു കൂടാതെ, മറ്റേതെങ്കിലും വിദേശരാജ്യത്ത് ടാക്സ് നൽകാത്ത ഇന്ത്യൻ പൗരനെ ഇന്ത്യൻ പൗരനായി കണക്കാക്കി ടാക്സ് ചുമത്തുമെന്ന, 1961 ലെ ആദായ നികുതി നിയമത്തിന്റെ വകുപ്പ് 6-നുള്ള ഭേദഗതി നിർദ്ദേശവും ഉണ്ടായിട്ടുണ്ട്. വ്യക്തിഗത ആദായനികുതിയോ ഇന്ത്യയുമായി ഇരട്ട നികുതി ഉടമ്പടി കരാറോ ഇല്ലാത്ത രാജ്യങ്ങളിൽ ജോലി ചെയ്യുന്ന സാധാരണക്കാർക്ക് ഇത് ദോഷകരമായിത്തീരും. നമ്മുടെ നാടിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക സാമ്പത്തികമേഖലകളിൽ സർക്കാരിന്റെ ഇടപെടൽശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. വെളിപ്പെടുത്താത്ത വരുമാനത്തിനും അനധികൃതമായി പണം കടത്തുന്നതിനും ആദായനികുതി

വെട്ടിക്കുന്നതിനും കർശനമായ നടപടി ആവശ്യമാണെന്ന് അംഗീകരിക്കുമ്പോൾതന്നെ സാധാരണക്കാരും പരിമിത വരുമാനക്കാരുമായ പ്രവാസികളെ ഈ നിയമഭേദഗതി യുടെ പരിധിയിൽ നിന്ന് ഒഴിവാക്കാനാവശ്യമായ നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. ബഡ്ജറ്റ് പ്രഖ്യാപിച്ച ഉടൻ, സംസ്ഥാന സർക്കാർ ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, കേന്ദ്രസർക്കാർ ഫെബ്രുവരി 2-ാം തീയതിയിലെ പ്രസ് റിലീസ് മുഖാന്തിരം *'മറ്റ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന ഇന്ത്യൻ പൗരൻമാരെ നികുതിവലയത്തിൽ ഉൾപ്പെടുത്തുന്ന ഉദ്ദേശത്തോടെയല്ല ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്ന്'* പ്രഖ്യാപിക്കു ന്നുണ്ടെങ്കിലും ധനബിൽ 2020-ലെ നിർദ്ദേശങ്ങൾ 1961 - ലെ ആദായനികുതി നിയമത്തിൽ ഉൾപ്പെടുത്തപ്പെട്ടാൽ മറി ച്ചൊരു സ്ഥിതിവിശേഷം ആയിരിക്കും ഉണ്ടാവുക.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് 2020-ലെ ധന കാര്യ ബില്ലിൽ പ്രവാസികളെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങ ളിലുള്ളവരെ ദോഷകരമായി ബാധിക്കുന്ന 1961-ലെ ആദായ നികുതി നിയമത്തിലെ 6-ാം വകുപ്പ് ഭേദഗതി ചെയ്യാനുള്ള നിർദ്ദേശം ഒഴിവാക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.